**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2443** **27-02-2023 - ൽ മറുപടിയ്ക്ക്**

**കരാറുകാർക്ക് കുടിശിക നൽകുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എൻ എ നെല്ലിക്കുന്ന്** | | **ശ്രീ കെ എൻ ബാലഗോപാൽ (ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ട്രഷറിയിൽ നിന്നും ഇരുപത്തിയഞ്ച് ലക്ഷം രൂപയിൽ കൂടുതലുള്ള ബില്ലുകൾ മാറാൻ പറ്റാത്ത സാഹചര്യം നിലവിലുണ്ടോ; വ്യക്തമാക്കാമോ; | (എ) | ദൈനംദിന വരുമാനവും ചെലവും ക്രമപ്പെടുത്തുന്നതിനുള്ള ക്രമീകരണങ്ങൾ സാധാരണ ഗതിയിൽ കാലങ്ങളായി നടപ്പിലാക്കി വരുന്നതാണ്. അതേസമയം വരുമാനവും ചെലവും തമ്മിലുള്ള പൊരുത്തക്കേട് തുടരുന്ന സ്ഥിതി കുറേക്കാലമായി സംസ്ഥാനം അനുഭവിച്ച് പോരുന്നുണ്ട്. ഇതിനു പരിഹാരം കാണുന്നതിനുള്ള വ്യക്തമായ റോഡ് മാപ്പ് തയ്യാറാക്കിയാണ് സർക്കാർ പ്രവർത്തിക്കുന്നത്. ദൈനംദിന മാനേജ്മെന്റിനു വേണ്ട ക്രമീകരണങ്ങൾ ഓരോ സമയത്തും എടുക്കുന്നതിനപ്പുറം അധിക നിയന്ത്രണങ്ങൾ ഒന്നും ഏർപ്പെടുത്തിയിട്ടില്ല. അതേസമയം, വികസന ക്ഷേമ പ്രവർത്തനങ്ങൾ ഭംഗം കൂടാതെ മുന്നോട്ട് കൊണ്ടു പോകുന്നതിന് പ്രത്യേക ശ്രദ്ധ നൽകിയിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ബില്ലുകൾക്ക് നിയന്ത്രണങ്ങളൊന്നും ഏർപ്പെടുത്തിയിട്ടില്ല. കരാറുകാരുടെ ബില്ലുകൾക്ക് ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റം ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | കരാറുകാർ അടക്കമുള്ളവർക്ക് ഇരുപത്തിയഞ്ച് ലക്ഷത്തിൽ കൂടുതലുള്ള ബില്ലുകൾ ട്രഷറിയിൽ നിന്നും മാറാൻ കഴിയാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; ഇക്കാര്യത്തിൽ എന്തെങ്കിലും നിർദ്ദേശം നിലവിലുണ്ടോ; എങ്കിൽ എപ്പോഴാണ് ഇത്തരത്തിൽ നിർദ്ദേശം നൽകിയതെന്ന് വ്യക്തമാക്കാമോ; | (ബി) | ദൈനംദിന വരുമാനവും ചെലവും ക്രമപ്പെടുത്തുന്നതിനുള്ള ക്രമീകരണങ്ങൾ സാധാരണ ഗതിയിൽ കാലങ്ങളായി നടപ്പിലാക്കി വരുന്നതാണ്. അതേസമയം വരുമാനവും ചെലവും തമ്മിലുള്ള പൊരുത്തക്കേട് തുടരുന്ന സ്ഥിതി കുറേക്കാലമായി സംസ്ഥാനം അനുഭവിച്ച് പോരുന്നുണ്ട്. ഇതിനു പരിഹാരം കാണുന്നതിനുള്ള വ്യക്തമായ റോഡ് മാപ്പ് തയ്യാറാക്കിയാണ് സർക്കാർ പ്രവർത്തിക്കുന്നത്. ദൈനംദിന മാനേജ്മെന്റിനു വേണ്ട ക്രമീകരണങ്ങൾ ഓരോ സമയത്തും എടുക്കുന്നതിനപ്പുറം അധിക നിയന്ത്രണങ്ങൾ ഒന്നും ഏർപ്പെടുത്തിയിട്ടില്ല. അതേസമയം, വികസന ക്ഷേമ പ്രവർത്തനങ്ങൾ ഭംഗം കൂടാതെ മുന്നോട്ട് കൊണ്ടു പോകുന്നതിന് പ്രത്യേക ശ്രദ്ധ നൽകിയിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ |

| | | | |
|---|---|---|---|
| | | | ബില്ലുകൾക്ക് നിയന്ത്രണങ്ങളൊന്നും ഏർപ്പെടുത്തിയിട്ടില്ല. കരാറുകാരുടെ ബില്ലുകൾക്ക് ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റം ഏർപ്പെടുത്തിയിട്ടുണ്ട്. |
| (സി) | സംസ്ഥാനത്ത് കരാറുകാർക്ക് നൽകാനുള്ള കുടിശ്ശിക എത്രയാണെന്നും അപ്രകാരം എത്ര കാലത്തെ കുടിശ്ശിക നൽകാനുണ്ടെന്നും ജില്ല തിരിച്ച് വിശദാംശം നൽകുമോ; | (സി) | ബഹു. ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, സംസ്ഥാനതല മുൻഗണനാക്രമം പാലിച്ചും സമയക്രമം നിശ്ചയിച്ചുമാണ് കരാറുകാരുടെ ബില്ലുകൾ തീർപ്പാക്കി വരുന്നത്. ആയതിനാൽ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമല്ല. ഇപ്രകാരം ബില്ലുകൾ തീർപ്പാക്കുന്നതിന് ആവശ്യമായ അധിക തുക അനുവദിച്ച് ബില്ലുകൾ നിശ്ചിത സമയത്ത് തീർപ്പാക്കി വരുന്നുണ്ട്. പൊതുമരാമത്ത് വകുപ്പിൽ 2022 മെയ് മാസം വരെയും ജലവിഭവം, ഹാർബർ എഞ്ചിനീയറിംഗ് എന്നീ വകുപ്പുകളിൽ 2022 ഒക്ടോബർ മാസം വരെയുമുള്ള ബില്ലുകൾ മാറി നൽകിയിട്ടുണ്ട്. ഒരു നിശ്ചിത തുക അധികരിക്കുന്ന ബില്ലുകൾ ബി.ഡി.എസ്. വഴി മാറി നൽകി വരുന്നു. |
| (ഡി) | കാസർഗോഡ് വികസന പാക്കേജിൽ നിന്ന് തുക അനുവദിച്ച് പൂർത്തിയാക്കിയ പ്രവൃത്തികളുടെ ബില്ലുകൾ മാറികിട്ടാൻ കരാറുകാർക്ക് പ്രയാസം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ഡി) | ബഹു. ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, സംസ്ഥാനതല മുൻഗണനാക്രമം പാലിച്ചും സമയക്രമം നിശ്ചയിച്ചുമാണ് കരാറുകാരുടെ ബില്ലുകൾ തീർപ്പാക്കി വരുന്നത്. ആയതിനാൽ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമല്ല. ഇപ്രകാരം ബില്ലുകൾ തീർപ്പാക്കുന്നതിന് ആവശ്യമായ അധിക തുക അനുവദിച്ച് ബില്ലുകൾ നിശ്ചിത സമയത്ത് തീർപ്പാക്കി വരുന്നുണ്ട്. പൊതുമരാമത്ത് വകുപ്പിൽ 2022 മെയ് മാസം വരെയും ജലവിഭവം, ഹാർബർ എഞ്ചിനീയറിംഗ് എന്നീ വകുപ്പുകളിൽ 2022 ഒക്ടോബർ മാസം വരെയുമുള്ള ബില്ലുകൾ മാറി നൽകിയിട്ടുണ്ട്. ഒരു നിശ്ചിത തുക അധികരിക്കുന്ന ബില്ലുകൾ ബി.ഡി.എസ്. വഴി മാറി നൽകി വരുന്നു. |
| (ഇ) | പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ചെയ്ത പ്രവൃത്തികൾക്ക് പണം നൽകാൻ ബാക്കിയുണ്ടോ; എങ്കിൽ എത്ര തുക കുടിശ്ശികയുണ്ടെന്നും എത്ര കാലത്തെ കുടിശ്ശിക നൽകേണ്ടതുണ്ടെന്നും പ്രവൃത്തിയും കരാറുകാരനും തിരിച്ച് വിശദാംശം നൽകുമോ? | (ഇ) | ബഹു. ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, സംസ്ഥാനതല മുൻഗണനാക്രമം പാലിച്ചും സമയക്രമം നിശ്ചയിച്ചുമാണ് കരാറുകാരുടെ ബില്ലുകൾ തീർപ്പാക്കി വരുന്നത്. ആയതിനാൽ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമല്ല. ഇപ്രകാരം ബില്ലുകൾ തീർപ്പാക്കുന്നതിന് ആവശ്യമായ അധിക തുക അനുവദിച്ച് ബില്ലുകൾ നിശ്ചിത സമയത്ത് തീർപ്പാക്കി വരുന്നുണ്ട്. പൊതുമരാമത്ത് വകുപ്പിൽ 2022 മെയ് മാസം വരെയും ജലവിഭവം, ഹാർബർ എഞ്ചിനീയറിംഗ് എന്നീ വകുപ്പുകളിൽ 2022 ഒക്ടോബർ മാസം വരെയുമുള്ള ബില്ലുകൾ മാറി |

| | | | |
|---|---|---|---|
| | | | നൽകിയിട്ടുണ്ട്. ഒരു നിശ്ചിത തുക അധികരിക്കുന്ന ബില്ലുകൾ ബി.ഡി.എസ്. വഴി മാറി നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ